# DEPARTMENT OF AGRICULTURE
# FARM INFORMATION BUREAU
FARM NEWS

17-05-2021

# കാർഷികമേഖലാവാർത്തകൾ

## 1. കോഴിവളർത്തൽ സാധ്യതകൾ – ഓൺലൈൻ പരിശീലനം

കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം 17/05/2021 ന് രാവിലെ പത്ത് മണിമുതൽ ഉച്ചയ്ക്ക് ഒരു മണി വരെ കോഴിവളർത്തൽ സാദ്ധ്യതകൾ എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നതാണ്. മണ്ണാമൂല വെറ്ററിനറി സർജനായ ഡോ സൂരജ് നയിക്കുന്ന പരിശീലനം ഇറച്ചിക്കോഴി വളർത്തലിന്റേയും മുട്ടകോഴിവളർത്തലിന്റേയും നൂതന സാങ്കേതിക വശങ്ങൾ പരിചയപ്പെടുത്തുന്നു. വിശദ വിവങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ

ഡോ ശ്രീജ മുരളീധരൻ – 9495348594

## 2. ഓൺലൈൻ കർഷകസംവാദ പരമ്പര

i) 'ശാസ്ത്രജ്ഞർ കർഷകരോടൊപ്പം ഒരു മണിക്കൂർ' എന്ന ആശയത്തെ മുൻനിർത്തി മണ്ണുത്തി വെറ്ററിനറി കോളേജിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന കർഷകസംവാദ പരമ്പരയിൽ ഇന്ന് 17–05–2021) വൈകിട്ട് 5 മണി മുതൽ 6 മണി വരെ "ഡയറി ഫാമിങ്ങിന്റെ സാമ്പത്തിക വിശകലനം" എന്ന വിഷയത്തിൽ കേരള മണ്ണുത്തി വെറ്ററിനറി കോളേജ് അസിസ്റ്റന്റ് പ്രഫസർ ഡോ പ്രസാദ് എ സംവാദം നയിക്കുന്നതാണ്. സൂം പ്ലാറ്റ് ഫോറത്തിൽ നടക്കുന്ന പ്രസ്തുത സംവാദത്തിന്റെ മീറ്റിംങ്ങ് ഐഡി ഇനി പറയുന്നു. 9895213500. അന്വേഷണങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ – 9895213500.

ii) കർഷകസംവാദ പരമ്പരയിൽ നാളെ (18–05–2021) വൈകിട്ട് 5 മണി മുതൽ 6 മണി വരെ "കാടവളർത്തലിന്റെ സാധ്യതകൾ" എന്ന വിഷയത്തിൽ കേരള തിരുവാഴംകുന്ന് കോളേജ് ഓഫ് ഏവിയൻ സയൻസസ് ആന്റ് മാനേജ്മെന്റിലെ അസിസ്റ്റന്റ് പ്രഫസർ ഡോ ഷംന ടി പി ആണ് സംവാദം നയിക്കുന്നതാണ്. സൂം പ്ലാറ്റ് ഫോറത്തിൽ നടക്കുന്ന പ്രസ്തുത സംവാദത്തിന്റെ മീറ്റിംങ്ങ് ഐഡി ഇനി പറയുന്നു. 9895213500. അന്വേഷണങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ – 9895213500.

## 3. ടെലിവെറ്ററിനറി സംവിധാനം

സംസ്ഥാനത്ത് കോവിഡ് 19 വ്യാപനം തുടരുന്ന സാഹചര്യത്തിൽ രോഗപ്രതിരോധ നിയന്ത്രണങ്ങളുടെ ഭാഗമായി പല മേഖലകളെയും കണ്ടയിന്റ്മെന്റ്സോൺ ആയി പ്രഖ്യാപിച്ചിട്ടുണ്ട്. കർഷകരുടെ വളർത്തുമൃഗങ്ങളുടെ പരിപാലനവും മൃഗചികിത്സയും സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും ചികിത്സാ ഉപദേശങ്ങൾ നൽകുന്നതിനുമായി മൃഗസംരക്ഷണവകുപ്പിൽ ടെലിവെറ്ററിനറി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ജില്ലാതലത്തിൽ ഒരുകാൾസെന്റർ എല്ലാ പ്രവർത്തിദിവസങ്ങളിലും രാവിലെ 8 മണിമുതൽ 1 മണിവരെ പ്രവർത്തിക്കുന്നതാണ്. ജില്ലകളിലെ കാൾസെന്ററിലെ ഫോൺ നമ്പർ ഇനി പറയുന്നു. കർഷകർ ഈ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

തിരുവനന്തപുരം -0471-2302643, കൊല്ലം -0474-2795076, പത്തനംതിട്ട - 0468-2270908, ആലപ്പുഴ - 0477-2252635, കോട്ടയം - 0481 -2564623, ഇടുക്കി - 0486-2223878, എറണാകുളം -0484-2351264, തൃശ്ശൂർ - 0487-2440232, പാലക്കാട് - 9447303310, മലപ്പുറം - 0483- 2734815, കോഴിക്കോട് -0495-2368349, വയനാട് -04936 -202729, കണ്ണൂർ - 0497-2700184, കാസർഗോഡ് - 04994-224624

## 4. വിളപരിപാലന നിർദ്ദേശങ്ങൾ

പച്ചക്കറികളിൽ വെള്ളീച്ച മീലിമുട്ട പച്ചത്തുള്ളൻ മുതലായ പ്രാണികൾ ഉണ്ടെങ്കിൽ,ോ ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിലൊരിക്കൽ രണ്ടുശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക